"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 487/2010 നമ്പർ കേസിന്മേലുള്ള ബാലൻസ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.297/2026/LSGD** **തീയതി, തിരുവനന്തപുരം, 05-02-2026**

പരാമർശം:-
1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.487/2010 നമ്പർ കേസിന്മേലുള്ള 06/11/2015 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന, തീയതി, 18/03/2019.
3. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 138/2021 നമ്പർ എൽ.എ. അപ്പീലിന്മേലുള്ള 05/03/2025 തീയതിയിലെ വിധിന്യായം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19/01/2026 തീയതിയിലെ എ3/2751/2010/ട്രിഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 487/2010 നമ്പർ കേസിലെ പരാമർശം (1) വിധിന്യായത്തിന് എതിരെ ടി കേസിലെ രണ്ടാം കക്ഷിയായ ശ്രീമതി മീന വിശ്വനാഥ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 138/2021 നമ്പർ എൽ.എ.അപ്പീലിന്മേലുള്ള പരാമർശം (3) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള എൽ.എ.ആർ. 487/2010 നമ്പർ കേസിലെ ബാലൻസ് തുകയായ 9,61,309/- രൂപ (ഒൻപത് ലക്ഷത്തി അറുപത്തിയൊന്നായിരത്തി മുന്നൂറ്റി ഒമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 1875 (റീസർവ്വേ നം. 1875/9)-ൽ ഉൾപ്പെട്ട 0.22

(0.12+0.10) ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 487/2010 നമ്പർ കേസിലെ രണ്ടാം കക്ഷിയായ ശ്രീമതി മീന വിശ്വനാഥ് ടിയാളുടെ ഉടമസ്ഥതിയിലുണ്ടായിരുന്ന 0.10 ആർ ഭൂമി ഏറ്റെടുത്തുതമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന 138/2021 നമ്പർ എൽ.എ.അപ്പീലിന്മേലുള്ള പരാമർശം (3) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള എൽ.എ.ആർ. 487/2010 നമ്പർ കേസിലെ ബാലൻസ് തുകയായ **9,61,309/- രൂപ (ഒൻപത് ലക്ഷത്തി അറുപത്തിയൊന്നായിരത്തി മുന്നൂറ്റി ഒമ്പത് രൂപ മാത്രം**) ടി കേസിലെ രണ്ടാം കക്ഷിയായ ശ്രീമതി മീന വിശ്വനാഥിന് 4217-60-800-93Payment of Compensation in LAR Cases (Plan-Charged) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി മീന വിശ്വനാഥ്, ഇന്ദിര ഭവൻ,റ്റി.സി.നം.82/1223, വഞ്ചിയൂർ, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/5/2026/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 05-02-2026 13:33:17

സെക്ഷൻ ഓഫീസർ